പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

*നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3201 14.03.2018 ലെ മറുപടിക്ക്.*

## *പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾക്ക് വിദേശകാര്യ മന്ത്രാലയത്തിന്റെ അറ്റസ്റ്റേഷൻ*

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുൽ ഹമീദ്. പി | പിണറായി വിജയൻ<br>**(മുഖ്യമന്ത്രി)** |
| (എ) ആഭ്യന്തര വകുപ്പിന്റെ അറ്റസ്റ്റേഷൻ കഴിഞ്ഞ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അറ്റസ്റ്റേഷൻ വാങ്ങി കൊടുക്കുന്നതിന് നോർക്ക റൂട്ട്സിൽ സംവിധാനമുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) ആഭ്യന്തര വകുപ്പിന്റെ അറ്റസ്റ്റേഷൻ കഴിഞ്ഞ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അറ്റസ്റ്റേഷൻ വാങ്ങി കൊടുക്കുന്നതിന് നോർക്ക , റൂട്ട്സിന്റെ തിരുവനന്തപുരം സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ സെന്ററിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അതിലേയ്ക്കായി നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് അപേക്ഷയുടെ പ്രിന്റ് ഔട്ട്, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് (ഒരു പകർപ്പ് സഹിതം) പാസ്പോർട്ടിന്റെ പകർപ്പ് എന്നിവ സഹിതം സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ സെന്ററിൽ സമർപ്പിക്കേണ്ടതാണ്. |
| (ബി) പ്രസ്തുത സർട്ടിഫിക്കറ്റുകൾക്ക് വിദേശകാര്യ മന്ത്രാലയത്തിന്റെ അറ്റസ്റ്റേഷൻ നേടുന്നതിന് നോർക്ക റൂട്ട്സിൽ ചെയ്യുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (ബി) നോർക്ക-റൂട്ട്സിന്റെ തിരുവനന്തപുരം സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ സെന്ററിൽ ലഭിക്കുന്ന പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് വിദേശകാര്യമന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ആവശ്യമായ വിവരങ്ങൾ സഹിതം അപ് ലോഡ് ചെയ്ത ശേഷം സർട്ടിഫിക്കറ്റുകളുടെ അസ്സൽ വിദേശകാര്യ മന്ത്രാലയത്തിന്റെ തിരുവനന്തപുരം ഓഫീസിൽ നേരിട്ട് ഹാജരാക്കി അറ്റസ്റ്റ് ചെയ്ത് വാങ്ങുകയാണ് ചെയ്തു വരുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സേവനത്തിനായി ഉപഭോക്താക്കളിൽനിന്നും ചാർജ്ജ് ഈടാക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (സി) | പ്രസ്തുത സേവനത്തിനായി നോർക്ക-റൂട്ട്സ് സർവ്വീസ് ചാർജ് ഇനത്തിൽ 600/- രൂപ 18 ശതമാനം ജി.എസ്.റ്റി ചേർത്ത് (ആകെ 708 രൂപ) ഈടാക്കുന്നുണ്ട്. |
| (ഡി) | പ്രസ്തുത സേവനം സൗജന്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നോർക്ക-റൂട്ട്സിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നത് ഉപഭോക്താക്കളിൽ നിന്നും സർവ്വീസ് ചാർജിനത്തിൽ ഈടാക്കുന്ന തുകയിൽ നിന്നാണ് എന്നതിനാൽ പ്രസ്തുത സേവനം സൗജന്യമാക്കുന്ന കാര്യം നിലവിൽ പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ